**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 726** **26-07-2021 - ൽ മറുപടിയ്ക്ക്**

**റിംഗ് റോഡ് തൽസമയ ഫോൺ ഇൻ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ എം നൗഷാദ് ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീമതി കാനത്തിൽ ജമീല | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിനും പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് അറിയിക്കുന്നതിനും റിംഗ് റോഡ് എന്ന പേരിൽ ആരംഭിച്ച തൽസമയ ഫോൺ ഇൻ പരിപാടിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിനും പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് പൊതുമരാമത്ത് വകുപ്പ് മന്ത്രിയെ അറിയിക്കുന്നതിനും വേണ്ടിയാണ് റിംഗ് റോഡ് എന്ന പേരിൽ തത്സമയ ഫോൺ ഇൻ പരിപാടി ആരംഭിച്ചത്. ജൂൺ മാസത്തിൽ ആഴ്ചയിൽ ഒരു ദിവസം എന്ന രീതിയിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജനങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കുകയും പരാതി പരിഹരിക്കുകയുമാണ് ചെയ്തത്. 1800 425 7771 എന്ന ടോൾ ഫ്രീ നമ്പരിൽ നിന്നും ജനങ്ങൾക്ക് വിളിക്കാൻ സൗകര്യം ഒരുക്കുന്നതാണ് പദ്ധതി. പൊതുമരാമത്ത് വകുപ്പ് മന്ത്രി ജനങ്ങളുടെ പരാതി കേൾക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് തത്സമയം വിളിച്ച് പരാതി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയാണ് റിംഗ് റോഡിലൂടെ ചെയ്യുന്നത്. ഉടൻ പരിഹരിക്കാൻ കഴിയുന്ന പരാതികൾ പരിഹരിക്കുകയും ചെയ്യുന്നു. |
| (ബി) | റിംഗ് റോഡ് പരിപാടിയുടെ ഭാഗമായി വകുപ്പുമന്ത്രി നടത്തിയ ഇടപെടലുകളും അതുമൂലമുണ്ടായിട്ടുള്ള നേട്ടങ്ങളും വിവരിക്കാമോ; | (ബി) | ”റിംഗ് റോഡ്“ ഫോൺ ഇൻ പരിപാടിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് മന്ത്രി, സ്വീകരിച്ച പരാതികൾ വകുപ്പിന്റെ പൊതു പദ്ധതികളായി മാറ്റുന്നുണ്ട്. ഒരാളുടെ പരാതി എന്നതിലുപരി ഒരു ജനതയെ ബാധിക്കുന്ന പരാതി എന്ന തരത്തിലാണ് ഇവയെ സമീപിക്കുന്നത്. ഇതുവരെ 126 പരാതികൾ റിംഗ് റോഡിൽ സ്വീകരിക്കുകയും 36 പരാതികൾ ഉടനടി പരിഹരിക്കുകയും ചെയ്തു. 90 പരാതികളിൽ താൽക്കാലിക പരിഹാരം കാണുകയും ശാശ്വത പരിഹാരത്തിനായി നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. റോഡരികിൽ വർഷങ്ങളായി വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നുവെന്ന റിംഗ് റോഡിലെ പരാതിയിൽനിന്നാണ് ഇത്തരം |

| | | | |
|---|---|---|---|
| | | | വാഹനങ്ങൾ നീക്കം ചെയ്യാനുള്ള തീരുമാനത്തിലെത്തിയത്. റോഡിലെ അറ്റകുറ്റപണി, മുടങ്ങിക്കിടക്കുന്ന ഡ്രെയിനേജുകളുടെ നിർമ്മാണം എന്നിവ പൂർത്തീകരിക്കാൻ റിംഗ് റോഡിലൂടെ സാധിച്ചിട്ടുണ്ട്. |
| (സി) | വകുപ്പുതലത്തിൽ നടത്തിയ വിലയിരുത്തലിൽ തൽസമയ ഫോൺ ഇൻ പരിപാടി ഫലപ്രദമാണെന്ന അഭിപ്രായമാണോ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | വകുപ്പുതലത്തിൽ നടത്തിയ വിലയിരുത്തലിൽ തൽസമയ ഫോൺ ഇൻ പരിപാടി ഫലപ്രദമാണ് എന്ന അഭിപ്രായമാണ് ഉണ്ടായിട്ടുള്ളത്. പ്രവൃത്തി ദിവസങ്ങളിലും ജനങ്ങൾക്ക് പരാതി അറിയിക്കാൻ ഈ ടോൾഫ്രീ സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ കൂടുതൽ ആകർഷകമായും കാര്യക്ഷമമായും റിംഗ് റോഡ് തൽസമയ ഫോൺ ഇൻ പരിപാടി തുടർന്നും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | റിംഗ് റോഡ് പരിപാടി കൂടുതൽ ജനങ്ങൾക്ക് ഉപയുക്തമാക്കുന്ന തരത്തിൽ തുടർന്നും സംഘടിപ്പിക്കും. |

സെക്ഷൻ ഓഫീസർ